# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2397** 09.12.2014-ലെ മറുപടിയ്ക്ക്

## പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ<br>,, കെ.അജിത്<br>,, പി.തിലോത്തമൻ<br>,, ജി.എസ്.ജയലാൽ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| എ | സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും മേൽ ലിറ്ററൊന്നിന് ഇപ്പോൾ എത്ര വീതം നികുതി ചുമത്തി,; ഇത്തരത്തിൽ നികുതി വർദ്ധിപ്പിച്ചതിലൂടെ എത്ര അധിക വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ : | എ | 2014-നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാനവിലയിൽ 2.25 രൂപയുടേയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപനനികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാനവിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19.11.2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം റവന്യൂ ന്യൂട്രൽറേറ്റ് കണ്ടെത്തി നികുതിനിരക്ക് പുനഃക്രമീകരിച്ചില്ലായിരുന്നുവെങ്കിൽ പെട്രോളിന്റെ നികുതിയിനത്തിൽ പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിൽ നിന്ന് 8.36 കോടി രൂപയുടേയും നികുതി നഷ്ടമുണ്ടാകുമായിരുന്നു. |
| ബി | സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധനവിലൂടെ അന്താരാഷ്ട്ര വിപണിയിലെ എണ്ണ വിലക്കുറവിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിക്കാതെ പോയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഹരിക്കുമോ? | ബി | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (ad valorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിനുമേൽ വില എന്തുതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം ad valorem അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാനവില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതേ പോലെ തന്നെ അടിസ്ഥാനവില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/ കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു. |

| | |
|---|---|
| | വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘുകരിക്കുവാനായി വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതെ പോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതിനിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**